# പതിനാലാം കേരളനിയമസഭ
## പതിനൊന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *1 | 04.06.2018-ൽ മറുപടിക്ക് |
|---|---|

**സോഷ്യൽ മീഡിയ ഉപയോഗിച്ചുള്ള കുറ്റകൃത്യങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. ഉണ്ണി<br>,, ജോർജ് എം. തോമസ്<br>,, വി. അബ്ദുറഹിമാൻ<br>,, ആന്റണി ജോൺ | പിണറായി വിജയൻ<br>മുഖ്യമന്ത്രി |

| | | | |
|---|---|---|---|
| (എ) | സോഷ്യൽ മീഡിയ ഉപയോഗിച്ചുള്ള കുറ്റകൃത്യങ്ങൾ തടയുന്നതിനുള്ള സംവിധാനം എന്താണെന്നും ഇതിനായുള്ള മോണിറ്ററിംഗ് സെല്ലിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ; | (എ) | സോഷ്യൽ മീഡിയ ഉപയോഗിച്ചുള്ള കുറ്റകൃത്യങ്ങൾ തടയുന്നതിന് സംസ്ഥാനത്ത് 19 പോലീസ് ജില്ലകളിലും ജില്ലാ പോലീസ് മേധാവികളുടെ കീഴിൽ പ്രവർത്തിക്കുന്ന സൈബർ സെല്ലുകൾ, ടെക്നോ പാർക്ക് ആസ്ഥാനമായുള്ള സൈബർ ഡോം, പോലീസ് ആസ്ഥാനത്ത് പ്രവർത്തിച്ചു വരുന്ന ഹൈ-ടെക് സെൽ എന്നീ സംവിധാനങ്ങളിലൂടെ നടപടികൾ എടുത്തു വരുന്നു. സൈബർ സെല്ലിന്റെയും ജനമൈത്രീ പോലീസിന്റെയും സഹായത്തോടെ പൊതുജനങ്ങൾക്കും സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്കും സൈബർ സുരക്ഷയെപ്പറ്റി സമൂഹ മാധ്യമങ്ങൾ വഴി ബോധവൽക്കരണവും അലർട്ട് മെസ്സേജുകളും നൽകി വരുന്നു. |
| (ബി) | വർഗ്ഗീയവിഭജനം ലക്ഷ്യമാക്കി വാട്സ് ആപ് ഹർത്താൽ നടത്തിയവരെ ശക്തമായി അടിച്ചമർത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് | (ബി) | വർഗ്ഗീയ വിഭജനം ലക്ഷ്യമാക്കി വാട്സ് ആപ് ഹർത്താൽ നടത്തിയവർക്കെതിരെ കുറ്റകൃത്യത്തിന്റെ സ്വഭാവത്തിനനുസരിച്ച് അനുയോജ്യമായ വകുപ്പുകൾ ചുമത്തി |

| | | | |
|---|---|---|---|
| | വിശദമാക്കാമോ; | | നാളിതുവരെ 385 ക്രിമിനൽ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കുറ്റകൃത്യത്തിൽ ഉൾപ്പെട്ടവരിൽ 1595 പേരെ അറസ്റ്റ് ചെയ്യുകയും വിശദമായ അന്വേഷണം നടത്തി വരികയും ചെയ്യുന്നു. വാട്സ് ആപ് ഹർത്താലിന് ഗൂഡാലോചന നടത്തിയതുമായി ബന്ധപ്പെട്ട് മലപ്പുറം ജില്ലയിലെ മഞ്ചേരി പോലീസ് സ്റ്റേഷൻ ക്രൈം 191/2018 പ്രകാരം രജിസ്റ്റർ ചെയ്ത കേസ്സിലെ പ്രതികളിൽ ഉൾപ്പെട്ട 05 പേർ, ഒത്തൊരുമിച്ചും കൂട്ടായും കുറ്റകരമായ ഗൂഡാലോചന നടത്തി സോഷ്യൽ മീഡിയയിലൂടെ സന്ദേശം പ്രചരിപ്പിച്ചതായി വെളിവായിട്ടുണ്ട്. ടി കേസ്സുകളിൽ ഉൾപ്പെട്ട പ്രതികളെക്കുറിച്ച് വിശദമായ അന്വേഷണവും അറസ്റ്റുകളും നടന്നുവരുന്നു. |
| (സി) | കലാപം നടത്തിയവരെയും ആഹ്വാനം ചെയ്തവരെയും മാത്രമല്ല ആയതിന് നിർദ്ദേശം നൽകിയ ബുദ്ധികേന്ദ്രങ്ങളെക്കുറിച്ചും അന്വേഷണം നടത്തിയിരുന്നോ; എങ്കിൽ വിശദാംശം നൽകുമോ? | (സി) | അന്വേഷണം നടത്തിയിരുന്നു. ഇക്കാര്യത്തിൽ മഞ്ചേരി പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 191/2018 ആയി രജിസ്റ്റർ ചെയ്ത കേസിലെ 9 മുതൽ 13 വരെയുള്ള പ്രതികൾ ഹർത്താലിന്റെ സൂത്രധാരന്മാരാണെന്ന് വെളിവായിട്ടുണ്ട്. ഒമ്പതാം പ്രതി കൊല്ലം സ്വദേശി അമർനാഥ് ബൈജു ആർ.എസ്.എസിന്റെ ഭാരവാഹിയും സജീവപ്രവർത്തകനുമായിരുന്നു. പത്താം പ്രതി തിരുവനന്തപുരം സ്വദേശിയായ സുധീഷ് ആർ.എസ്.എസ് അനുഭാവിയാണ്. പതിനൊന്നാം പ്രതി |

| | | | |
|---|---|---|---|
| | | | തിരുവനന്തപുരം സ്വദേശി അഖിൽ വിദ്യാർത്ഥിയായിരിക്കെ എ.ബി.വി.പിയുടെ സജീവപ്രവർത്തകനായിരുന്നു. |

സെക്ഷൻ ഓഫീസർ